## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5224** **23.05.2017 ൽ മറുപടിയ്ക്ക്**

## ജൈവകൃഷി പ്രോത്സാഹന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജെയിംസ് മാത്യു**<br>**ശ്രീ.ഒ. ആർ. കേളു**<br>**ശ്രീ.യു. ആർ. പ്രദീപ്**<br>**ശ്രീ.കെ.ജെ. മാക്സി** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ജൈവകൃഷി പദ്ധതിയിൻ കീഴിൽ മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയും ജൈവകൃഷി സർട്ടിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) ഉണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവകൃഷി വ്യാപനം, ജൈവ ഉൽപന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 30'x 8'x2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റൊന്ന് നിർമ്മിക്കുന്നതിന് മൊത്തം 1 ലക്ഷം രൂപ ചെലവ് കണക്കാക്കി 50 ശതമാനം തുകയായ 50,000 രൂപ ധനസഹായമായി അനുവദിക്കുന്നതാണ്.<br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം സംസ്ഥാനത്ത് നാളിതുവരെ 7345 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് 1500 ഹെക്ടർ സ്ഥലത്ത് (ഇടുക്കി-500 ഹെക്ടർ, മലപ്പുറം-250 ഹെക്ടർ, കോഴിക്കോട്-150 ഹെക്ടർ,വയനാട്-600ഹെക്ടർ) സർട്ടിഫിക്കേഷനോടു കൂടി ജൈവകൃഷി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2014-15 വർഷത്തിൽ 3000 ഹെക്ടർ സ്ഥലത്തും 2015-16 വർഷത്തിൽ 3000 ഹെക്ടർ സ്ഥലത്തും ജൈവകൃഷി വ്യാപന പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിരുന്നു |
| ബി) ജൈവകൃഷിയിൽ ഏർപ്പെടുന്ന വിവിധ സംഘങ്ങൾക്ക് എന്തെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | ബി) ജൈവകൃഷിയിൽ ഏർപ്പെടുന്ന സംഘങ്ങൾക്ക് (ക്ലസ്റ്ററുകൾ) ഒരു ഹെക്ടറിന് 3000 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 1000 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

ഇത് കൂടാതെ കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (PKVY) പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നല്കുകയുണ്ടായി. പ്രധാനമായും ക്ലസ്റ്റർ അടിസ്ഥാനത്തിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നതിനും ജൈവ ഗ്രാമങ്ങൾ രൂപീകരിക്കുന്നതിനുമുള്ള ധനസഹായമാണ് കേന്ദ്രസർക്കാർ ഈ പദ്ധതി പ്രകാരം അനുവദിച്ചത്. 2016-17- ൽ ഈ പദ്ധതിക്കായി 594.57 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

കൂടാതെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 30'x 8'x2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റൊന്ന് നിർമ്മിക്കുന്നതിന് മൊത്തം 1 ലക്ഷം രൂപ കണക്കാക്കി 50% തുകയായ 50,000/- രൂപ ധനസഹായവും ജൈവ കൃഷി വ്യാപനത്തിന് ഹെക്ടറിന് 20,000/- രൂപ മൊത്തം ചെലവ് കണക്കാക്കി 50% തുകയായ 10,000/- രൂപ സബ്സിഡിയും ജൈവ സർട്ടിഫിക്കേഷനായി 50 ഹെക്ടർ സ്ഥലം ഒരു യൂണിറ്റായി കണക്കാക്കി ആയതിന്റെ സർട്ടിഫിക്കേഷന് 5 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നു.

S.[signature]

**സെക്ഷൻ ഓഫീസർ**